കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സ്ഥാനക്കയറ്റം / സ്ഥലം മാറ്റം – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നം: സി 2/4248/2017/കോ.വി.വ** **തീയതി : 06.07.2019**

പരാമർശം :-
1. 05.07.2019 തീയതിയിലെ സി1/2109/2019/കോ.വി.വ നമ്പർ ഉത്തരവ്
2. 26.06.2019-ലെ ഉത്തരവ് നം.സി1/8771/2016/കോ.വി.വ
3. വിവിധ ജൂനിയർ സൂപ്രണ്ടുമാരുടെ അപേക്ഷകൾ
4. 25.02.2017-ലെ സർക്കാർ ഉത്തരവ് നം.(പി)3/2017/ഉ.ഭ.പ.വ
5. 27.06.2019-ലെ ഇതേ നമ്പർ ഉത്തരവ്

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിൻ കീഴിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ താഴെപ്പറയുന്ന ഒഴിവുകൾ നിലവിലുണ്ട്.

| ക്രമ നമ്പർ | സ്ഥാപനം | ഒഴിവിന്റെ സ്വഭാവം |
|---|---|---|
| 1 | ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട് | ശ്രീ.അസീസ്.എം, ജൂനിയർ സൂപ്രണ്ടിന് സ്ഥാനക്കയറ്റം നൽകിയതിനാലുണ്ടായ ഒഴിവ് |
| 2. | കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയം | ശ്രീമതി.സുജ.എം, ജൂനിയർ സൂപ്രണ്ടിന് സ്ഥാനക്കയറ്റം നൽകിയതിനാലുണ്ടായ ഒഴിവ് |

പരാമർശം (3) പ്രകാരം ലഭിച്ച അപേക്ഷകൾ പരിഗണിച്ച് ചുവടെ പേര് ചേർത്തിട്ടുള്ള ജൂനിയർ സൂപ്രണ്ടുമാരെ അവരുടെ പേരിനെതിരെ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

**സ്ഥലം മാറ്റം**

| ക്രമ നമ്പർ | പേര്, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ.രാജീവൻ.കെ.കെ, ജൂനിയർ സൂപ്രണ്ട്, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കോട്ടയം (അപേക്ഷ) (പരാമർശം(4) സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രത്യേക മുൻഗണനാ വിഭാഗം) | ഗവണ്മെന്റ് ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട് (ശ്രീ.അസീസ്.എം, ജൂനിയർ സൂപ്രണ്ടിന് സ്ഥാനക്കയറ്റം നൽകിയതിനാലുണ്ടായ ഒഴിവിൽ) |
| 2. | ശ്രീമതി.സനുജ സഹദേവൻ, ജൂനിയർ സൂപ്രണ്ട്, കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയം, തിരുവനന്തപുരം (അപേക്ഷ) (പരാമർശം(4) സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രത്യേക മുൻഗണനാ വിഭാഗം) | കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റ്, കോട്ടയം (ശ്രീ.രാജീവൻ.കെ.കെ ജൂനിയർ സൂപ്രണ്ടിന് സ്ഥലം മാറ്റം നൽകിയതിനാലുണ്ടായ ഒഴിവിൽ) |

156004

GOVERNMENT OF KERALA 2017-18

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ നിലവിൽ വന്ന ജൂനിയർ സൂപ്രണ്ടുമാരുടെ ഒഴിവിലേയ്ക്ക് 26.06.2019 തീയതിയിലെ സി1/8771/2016/കോ.വി.വ പ്രകാരം ഉത്തരവായ ഹെഡ് അക്കൌണ്ടന്റുമാരുടെ മുൻഗണനാ പട്ടികയനുസരിച്ച് ചുവടെ പേരു ചേർത്തിരിക്കുന്ന ഹെഡ് അക്കൌണ്ടന്റുമാരെ 30700-65400/-രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ടുമാരായി സ്ഥാനക്കയറ്റം നൽകി ചുവടെ പറയും പ്രകാരം നിയമിച്ച് ഉത്തരവാകുന്നു.

<u>സ്ഥാനക്കയറ്റം</u>

| ക്രമ നമ്പർ | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | പരാമർശം (2) സീനി: ലിസ്റ്റിലെ ക്രമ നം | ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|
| 1 | ശ്രീമതി.സബിത.വി.എ, ഹെഡ് അക്കൌണ്ടന്റ്, ഐ.എ.എസ്.ഇ, തൃശ്ശൂർ | 3 (ക്രമനം.2-ന് പരാമർശം 5 പ്രകാരം സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്) | കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയം, തിരുവനന്തപുരം (ശ്രീമതി.സനുജ സഹദേവൻ, ജൂനിയർ സൂപ്രണ്ടിന് സ്ഥലം മാറ്റം ലഭിച്ചതിനാലുണ്ടായ ഒഴിവ്) |
| 2. | ശ്രീ.രാജേഷ് നാരായണൻ, ഹെഡ് അക്കൌണ്ടന്റ്, ഗവണ്മെന്റ് കോളേജ്, കോട്ടയം | 4 | കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയം, തിരുവനന്തപുരം (ശ്രീമതി.സുജ.എം, ജൂനിയർ സൂപ്രണ്ടിന് സ്ഥാനക്കയറ്റം ലഭിച്ചതിനാലുണ്ടായ ഒഴിവിൽ) |

ഈ ഉത്തരവ് പ്രകാരം സ്ഥലം മാറ്റം / സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള ജീവനക്കാർ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന സ്ഥാപനത്തിൽ നിന്നും 14 ദിവസത്തിനകം വിടുതൽ വാങ്ങി സ്ഥലം മാറ്റം / സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ ഇവർ വിടുതൽ ചെയ്തതും ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ <u>www.collegiateedu.kerala.gov.in</u> എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

ഒപ്പ്/-
ഷൂജ.ആർ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-

1. ജീവനക്കാർക്ക്
2. ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
3. നടപ്പ് ഫയൽ / കരുതൽ ഫയൽ

/അംഗീകാരത്തോടെ/

സൂപ്രണ്ട്

പി.ജി:06.07.2019

MR

136005

GOVERNMENT OF KERALA 2017-18